# കേരളപാണിനീയം

എ. ആർ. രാജരാജവർമ്മ

2018

Kēraḷapāṇinīyam
Malayalam Grammar
by A. R. Rājarāja Varma
First published: 1917

First EPUB/PDF version published: 2017
Second EPUB/PDF version published: 2018

These electronic versions are released under the provisions of Creative Commons Attribution Share Alike license for free download and usage.

The electronic versions were generated from sources available at WikiSource, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2016. ePub version was generated by TeX4ht from the same LaTeX sources. A cloud based framework namely, ഇതൾ (ITHAL) has been used to process the documents and generate various output formats.

The base font used was traditional script of Rachana, contributed by KH Hussain, *et al.*, and maintained by Swathanthra Malayalam Computing. The font used for Latin script was TeX Gyre Pagella developed by GUST, the Polish TeX Users Group.

Cover: Details from the painting, namely, *The Return of the Stork* (1893), by the Dutch painter, Theodoor van Hoytema (1863–1917). The image is taken from Wikimedia Commons and is gratefully acknowledged.

The digital editions published by: **Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം . . . . . v
മുഖവുര . . . . . ix
'സായാഹ്ന' പതിപ്പിന്റെ പ്രത്യേകതകൾ . . . . . xiii

**ഒന്ന് പീഠിക** **15**
1 മലയാളദേശവും ഭാഷയും . . . . . 17
  1 അനുനാസികാതിപ്രസരം: . . . . . 31
  2 തവർഗ്ഗോപമർദ്ദം അല്ലെങ്കിൽ താലവ്യാദേശം: . . . . . 32
  3 സ്വരസംവരണം: . . . . . 32
  4 പുരുഷഭേദനിരാസം: . . . . . 34
  5 ഖിലോപസംഗ്രഹം: . . . . . 37
  6 അംഗഭംഗം: . . . . . 39
2 ഘട്ടവിഭാഗം . . . . . 53
  1 ആദ്യഘട്ടം — കരിന്തമിഴകാലം: . . . . . 62
  2 മധ്യഘട്ടം — മണിപ്രവാളരീതി . . . . . 63
  3 ആധുനികഘട്ടം . . . . . 64
3 അക്ഷരമാല . . . . . 67
4 വർണ്ണവികാരങ്ങൾ . . . . . 81

**രണ്ട് സന്ധിപ്രകരണം** **97**
1 സന്ധിവിഭാഗം . . . . . 99
  1 ലോപസന്ധി . . . . . 100
  2 ആഗമസന്ധി . . . . . 103
  3 ദ്വിത്വസന്ധി . . . . . 107
  4 ആദേശസന്ധി . . . . . 113
2 ശബ്ദവിഭാഗം . . . . . 119
  1 ഭേദകങ്ങളുടെ ഉൾപ്പിരിവുകൾ: . . . . . 128
3 പ്രകൃതിപ്രത്യയങ്ങൾ . . . . . 131

**മൂന്ന് നാമാധികാരം** **133**
1 ലിംഗപ്രകരണം . . . . . 135
2 വചനപ്രകരണം . . . . . 145
3 വിഭക്തിപ്രകരണം . . . . . 157
  1 നാമരൂപാവലി . . . . . 165
4 വിഭക്ത്യാഭാസപ്രകരണം . . . . . 171
  1 ഇനി ഇരട്ടിപ്പ് . . . . . 173
5 കാരകപ്രകരണം . . . . . 177
6 തദ്ധിതപ്രകരണം . . . . . 189
  1 തന്മാത്രപ്രത്യയങ്ങൾ . . . . . 190

**നാല് ധാത്വധികാരം** **195**
1 ധാത്വധികാരം . . . . . 197
  1 പ്രാരംഭം . . . . . 197
  2 പ്രകൃതി . . . . . 197
  3 സ്വഭാവം . . . . . 198
2 കാലപ്രകരണം . . . . . 199
  1 കാലാദികളെ സംബന്ധിച്ച പൊതുനിയമങ്ങൾ . . . . . 205
  2 കാലപ്രത്യയങ്ങളുടെ ആഗമം . . . . . 220
3 പ്രകാരപ്രകരണം . . . . . 223
4 പ്രയോഗപ്രകരണം . . . . . 231
5 പ്രയോജകപ്രകൃതി . . . . . 233
6 നാമധാതുപ്രകരണം . . . . . 241
7 ഖിലധാതുക്കൾ . . . . . 245
8 അനുപ്രയോഗം . . . . . 247
  1 ഒന്നാംവക, ഭേദകാനുപ്രയോഗം . . . . . 251
  2 രണ്ടാം വക; കാലാനുപ്രയോഗം . . . . . 255
  3 മൂന്നാംവക, പൂരണാനുപ്രയോഗം . . . . . 257

9 നിഷേധപ്രകരണം . . . . . . . . . . . . . 259
10 സമുച്ചയം . . . . . . . . . . . . . . . . 269
11 അംഗക്രിയ . . . . . . . . . . . . . . . 271
  1 പേരെച്ചം . . . . . . . . . . . . . . . 275
  2 വിനയെച്ചം . . . . . . . . . . . . . . 280
12 കൃതികൃത്തുക്കൾ . . . . . . . . . . . . 295
13 കാരകകൃത്തുക്കൾ . . . . . . . . . . . . 299

**അഞ്ച് ഭേദകാധികാരം** **301**

1 ഭേദകാധികാരം . . . . . . . . . . . . . 303

**ആറ് നിപാതാവ്യയാധികാരം** **309**

1 നിപാതാവ്യയാധികാരം . . . . . . . . . . 311

**ഏഴ് ആകാംക്ഷാധികാരം** **315**

1 വാക്യപ്രകരണം . . . . . . . . . . . . . 317
  1 പദക്രമം . . . . . . . . . . . . . . . . 320
  2 പൊരുത്തം . . . . . . . . . . . . . . 321
2 സമാസപ്രകരണം . . . . . . . . . . . . . 325
3 ശബ്ദോൽപ്പത്തി . . . . . . . . . . . . . 333
ധാതുപാഠം . . . . . . . . . . . . . . . . 347
കാരികാസൂചിക . . . . . . . . . . . . . . 357
സൂചിക . . . . . . . . . . . . . . . . . . 361

# 2

## വചനപ്രകരണം

നാം എന്തെങ്കിലും ഒരു വസ്തുവിനെപ്പറ്റി സംസാരിക്കുമ്പോൾ ആ വസ്തു ഒന്നോ അതിലധികമോ എന്നു കാണിക്കുന്നതിനായി അതിനെപ്പറയുന്ന ശബ്ദത്തിനു ചെയ്യുന്ന രൂപഭേദമാകുന്നു വചനം. സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം ഇങ്ങനെ മൂന്നു വചനങ്ങളുണ്ട്. ദ്രാവിഡ ശാഖയ്ക്കു തന്നെ ദ്വിവചനമില്ല. ഒന്നിനെക്കുറിക്കുന്നതു് ഏകവചനം: അതിലധികത്തെക്കുറിക്കുന്നതു് ബഹുവചനം. ഇതാണു വചനങ്ങളുടെ സ്വഭാവം.

49. സ്വം രൂപമേകവചനം;
സലിംഗാലിംഗപൂജകം
എന്നു മൂന്നു ബഹുത്വത്തി-
ലിരട്ടിച്ചിട്ടുമാമിതു്.

ശബ്ദത്തിന്റെ സ്വന്തരൂപംതന്നെ ഏകവചനത്തെ കാണിക്കുന്നു. എന്നാൽ ലിംഗപ്രത്യയം ഉള്ളേടത്തു് ആ പ്രത്യയം ചേർന്ന ശബ്ദരൂപവും അതില്ലാത്തിടത്തു സ്വതേ ഉള്ള ശബ്ദരൂപവും ഏകവചനത്തെക്കുറിക്കുന്നു എന്നർത്ഥം. ഏകവചനത്തെക്കുറിപ്പാൻ വേറെ പ്രത്യയമില്ലെന്നു സാരം.

ഉദാ: രാമൻ, സീത, കാട്ട്.

ബഹുവചനം മൂന്നുവിധത്തിലുണ്ട്. ഒരു ശബ്ദത്തിൽത്തന്നെ ഇൗ ബഹുവചനങ്ങൾ ഒന്നിലധികം ചേർന്നിട്ടും വരാം. സ്ത്രീപുരുഷനപുംസകങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ മാത്രം ബഹുത്വത്തെക്കുറിക്കുന്നതു് സലിംഗബഹുവചനം; രണ്ടുംകൂടി കലർന്നുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കുന്നതു് അലിംഗബഹുവചനം; ഒരു വ്യക്തിക്കുതന്നെ ബഹുമാനത്തിന്നുവേണ്ടി ചെയ്യുന്നതു് പൂജകബഹുവചനം.

ഇനി ഇൗ ബഹുവചനപ്രത്യയങ്ങളെ വിധിക്കുന്നു:

50. അരെന്നലിംഗപുംസ്ത്രീകൾ
ക്കവയ്ക്കേ മാർ സലിംഗമാം;
ക്ലീബത്തിൽ കൾ ചേർച്ചപോലെ;
പൂജകത്തിന്നു മൂന്നുമാം.
അ എന്നു സർവ്വനാമത്തിൽ
നപുംസകബഹുക്കറി.

പുരുഷന്മാരും സ്ത്രീകളുംകൂടിയുണ്ടാകുന്ന ബഹുത്വത്തെക്കുറിപ്പാനുള്ള അലിംഗബഹുവചനപ്രത്യയം "അർ" എന്നാകുന്നു. ഉദാ:

| | | | |
|---|---|---|---|
| മിടുക്കൻ — മിടുക്കന്മാർ<br>മിടുക്കത്തി — മിടുക്കത്തിമാർ | മിടുക്കർ | ശൂദ്രൻ — ശൂദ്രന്മാർ<br>ശൂദ്രത്തി — ശൂദ്രത്തിമാർ | ശൂദ്രർ |

| | |
|---|---|
| വേലക്കാരൻ — വേലക്കാരന്മാർ<br>വേലക്കാരത്തി — വേലക്കാരത്തിമാർ | വേലക്കാരർ |

പുരുഷന്മാരോ സ്ത്രീകളോ വെവ്വേറെ ചേർന്നുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കുന്ന സലിംഗബഹുവചനപ്രത്യയം സാമാന്യമായി "മാർ" എന്നാണ്.

ഉദാ: രാമൻ — രാമന്മാർ, നമ്പൂരി — നമ്പൂരിമാർ, തട്ടാൻ — തട്ടാന്മാർ
അമ്മ — അമ്മമാർ, ഭാര്യ — ഭാര്യമാർ തള്ള — തള്ളമാർ.

നപുംസകവസ്തുക്കൾ ചേർന്നുണ്ടാകുന്ന ബഹുത്വത്തെക്കുറിക്കുന്നത് "കൾ" എന്ന പ്രത്യയമാണ്:

ഉദാ: മല — മലകൾ, ആന — ആനകൾ, മരം — മരങ്ങൾ.

ഉണ്ണികൾ, കുട്ടികൾ, വേലക്കാരത്തികൾ മുതലായവയിൽ "കൾ" എന്ന പ്രത്യയം ചേർത്തു കാണുന്നത് ബാല്യം മുതലായ നിമിത്തങ്ങളാൽ ചേതനധർമ്മം പൂർണ്ണമായിട്ടില്ലാത്ത നിലയിൽ അനാദരം വഴിക്ക് നപുംസകധർമ്മമായ ജഡത്വത്തെക്കൂടി പരാമർശിച്ചും കൊണ്ടുള്ള പ്രയോഗമാകയാലാകുന്നു. പൂജയെക്കുറിക്കുന്നതിനു മേല്ക്കാണിച്ച മൂന്നു ബഹുവചനപ്രത്യയങ്ങളെയും യുക്തംപോലെ ഉപയോഗിക്കാം.

| | | |
|---|---|---|
| ഉദാ: | ഭട്ടൻ | ഭട്ടർ (പൂജ്യനായ ഭട്ടൻ) |
| | നീ | നിങ്ങൾ |
| | മാരാൻ | മാരാർ |
| | തട്ടാൻ | തട്ടാർ |
| | തമ്പുരാൻ | തമ്പുരാക്കൾ — തമ്പുരാക്കന്മാർ |
| | രാജാവ് | രാജാക്കൾ — രാജാക്കന്മാർ |
| | പിതാവ് | പിതാക്കൾ — പിതാക്കന്മാർ |

"അ", "ഇ", "എ" മുതലായ സർവ്വനാമങ്ങൾക്ക് ബഹുവചനത്തിൽ "അ" എന്ന് പ്രത്യയം.

ഉദാ: അ + അ = അവ
ഇ + അ = ഇവ
എ + അ = എവ
ചില
പല

അനന്തരം വചനപ്രത്യയംചേരുമ്പോൾ ഉണ്ടാകുന്ന വിശേഷപ്രക്രിയകളെ കാണിക്കുന്നു:

51 (1) രലോപമർ — കൾ ചേരുമ്പോൾ
കാണും ശിഷ്യകളെന്നപോൽ;
(2) പെങ്ങളാങ്ങളയെന്നെല്ലാ-
മേകത്തിൽ ബഹുരൂപമാം;
(3) ഓഷ്ഠ്യസ്വരം മുൻപിരുന്നാൽ
കൾകകാരമിരട്ടിയാം.
(4) സംഖ്യാവിശേഷണം ചേർന്നാൽ
ക്ലീബേ വേണ്ട ബഹുക്കുറി;
ജഡമപ്രാണിയെന്നുള്ള
വിശേഷങ്ങളുമോർക്കണം.

(1) "അർ", "കൾ" എന്ന രണ്ടു പ്രത്യയങ്ങൾ ചേർന്നു വരുന്നിടത്ത് "അർ" എന്നതിലെ രേഫം പഴയകാലത്ത് ലോപിച്ചിരുന്നു:

ഉദാ:

| ബഹുവചനം | രേഫലോപം വന്ന രൂപം |
|---|---|
| ശിഷ്യർകൾ | ശിഷ്യകൾ |
| ഭട്ടർകൾ | ഭട്ടകൾ |

(2) പെങ്ങൾ, ആങ്ങള (ആങ്ങൾ) ഇത്യാദി ശബ്ദങ്ങൾ സഹോദരി, സഹോദരൻ എന്ന ഓരോ വ്യക്തിയെ മാത്രം കാണിക്കുന്നവയും ഏകവചനം വേണ്ടുന്നിടത്ത് അതിനു വ്യത്യസ്തമായി ബഹുവചനം ചേർത്തു പ്രയോഗിച്ചിട്ടുള്ളവയും ആയ വിശേഷരൂപങ്ങൾ ആണ്. ഈവക ശബ്ദങ്ങൾ ബഹുത്വം വിവക്ഷിക്കുമ്പോൾ "പെങ്ങന്മാർ", "ആങ്ങളമാർ" എന്ന് "മാർ" പ്രത്യയം ചേർന്നുതന്നെ വരുകയും ചെയ്യും.

(3) "കൾ" എന്ന പ്രത്യയത്തിന്റെ മുമ്പിലുള്ള വർണ്ണം ഓഷ്ഠ്യസ്വരമാകുന്നിടത്തെല്ലാം അതിലെ ("കൾ" എന്നതിലെ) കകാരം ഇരട്ടിക്കും. ഉദാഹരണം: ഭ്രാതാക്കൾ, രാജാക്കൾ, ഗുരുക്കൾ, പൂക്കൾ, ഗോക്കൾ.

(4) സംഖ്യാവാചകമായ ഒരു വിശേഷണപദം ഉള്ള ഇടത്ത് നപുംസകലിംഗശബ്ദങ്ങളിൽ ബഹുത്വത്തിലും ബഹുവചനപ്രത്യയം ചേർക്കേണ്ടതില്ല. ഉദാഹരണം: "പത്തു രൂപാ", "ആയിരം തേങ്ങാ", "എട്ടു ദിക്ക്".

ഇങ്ങനെയല്ലാതെ, "പത്തു രൂപകൾ", "ആയിരം തേങ്ങകൾ" എന്നെല്ലാം ഉപയോഗിക്കുന്നത് ഭാഷാസ്വഭാവത്തിനു യോജിക്കുന്നതുമല്ല. നപുംസകമല്ലെങ്കിൽ "നാലു ബ്രാഹ്മണർ", "അഞ്ചു സ്ത്രീകൾ" എന്ന് ബഹുവചനം ചേർന്നുതന്നെവരും. നപുംസകലിംഗത്തിലും ഓരോ വ്യക്തിയെയും പ്രത്യേകം പരാമർശിക്കുന്ന സ്ഥലങ്ങളിൽ,

"ശംഖം ചക്രം ഗദാ പങ്കജമിവ വിലസും നാലു തൃക്കൈകളോടും"

ഇങ്ങനെ ബഹുവചനം ചേർത്ത് പ്രയോഗം കാണുന്നുണ്ട്. അതു കൂടാതെ നപുംസകത്തിൽത്തന്നെ വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളേയും മറ്റും കുറിക്കുന്ന ശബ്ദങ്ങൾക്കും ജീവനില്ലാത്ത കല്ലു മുതലായതിനെ കുറിക്കുന്ന ശബ്ദങ്ങൾക്കും തമ്മിൽത്തന്നെ ഈ സംഗതിയിൽ വ്യത്യാസം ഉണ്ട്. ജീവികളാണെങ്കിൽ "പത്തു പശുക്കൾ"; ആയിരം തേനീച്ചകൾ എന്ന് ബഹുവചനം ചേർക്കുന്നതിനും, "പത്തു പശു", "ആയിരം തേനീച്ച" എന്ന് ചേർക്കാതിരിക്കുന്നതിനും വിരോധം ഇല്ല. "പത്തു കല്ലുകൾ", "നൂറു നൂലുകൾ" എന്നുള്ളതു ഭാഷയ്ക്കു തീരെ യോജിക്കുന്നതല്ല.

ഇനി സർവ്വനാമങ്ങൾക്കുള്ള വിശേഷവിധികളെ പറയുന്നു:

52. എനേൻ യാൻ നാൻ ക്രമാൽ ഞാനായ്;
നീ, താൻ, ദീർഘിച്ചു വന്നതാം;
ഉദ്ദേശികാപ്രത്യയത്തിൽ
സ്വരയോഗം സുഖാർത്ഥമായ്;
തനിക്കെനിക്കികാരത്താൽ,
അകാരത്താൽ നിനക്കുമായ്.

"എൻ" എന്നാണ് ഉത്തമസർവ്വനാമത്തിന്റെ പ്രകൃതി. അത് നിർദ്ദേശികാവിഭക്തിയിൽ ബലത്തിനുവേണ്ടി ദീർഘിച്ച് ആദ്യം "ഏൻ" എന്നായി; ഈ രൂപം ഇന്നും അപരിഷ്കൃതഭാഷയിൽ ഉപയോഗിച്ചുവരുന്നുണ്ട്. പിന്നീട് സ്വരാദിശബ്ദങ്ങളിൽ "യ" ചേർക്കുന്ന തമിഴ് സമ്പ്രദായമനുസരിച്ച് ഏൻ യാൻ എന്നു മാറി. അതിനുശേഷം യകാരസ്ഥാനത്ത് നകാരം (യമൻ = നമൻ) തമിഴിൽ ധാരാളമാകയാൽ "യാൻ" എന്നത് നാൻ എന്ന രൂപം ഗ്രഹിച്ചു. ഇതാണ് തമിഴിൽ ഇന്നും നടപ്പ്. പിന്നീട് "നെരുക്കം" എന്നത് "ഞെരുക്കം" ആകുമ്പോലെ "നാൻ" എന്നതു "ഞാൻ" എന്നായി. എൻ = ഏൻ = യാൻ = നാൻ = ഞാൻ.

നിർദ്ദേശികയൊഴികെയുള്ള വിഭക്തികളിലെല്ലാം "എൻ" എന്നു തന്നെ ഏകവചനം. "നിൻ" എന്ന മധ്യമവും "തൻ" എന്ന സ്വവാചിയും "നീ", "താൻ" എന്ന് നിർദ്ദേശികയിൽ ദീർഘിച്ചതേ ഉള്ളൂ. ഉദ്ദേശികാപ്രത്യയത്തിൽ ഉച്ചാരണസുഖത്തിനു വേണ്ടി "എൻ", "തൻ" എന്ന രണ്ടിനും ഇകാരവും നിൻ എന്നതിന് അകാരവും (സ്വരം) ചേർക്കുന്നു: "എനിക്ക്", "തനിക്ക്", "നിനക്ക്",

ഇതു് മലയാളത്തിലെ വിശേഷപ്രക്രിയയാണ്. തമിഴിൽ "എനക്കു", "തനക്കു", "നിനക്കു" എന്ന് ഒന്നുപോലെ അകാരം തന്നെയാണ്.

ഇതെല്ലാം ഏകവചനത്തെപ്പറ്റിയുള്ളതാകുന്നു. ഇനി ഇവയ്ക്കു് ബഹുവചനത്തിലെ വിശേഷങ്ങളാവിതു്;

(എ) എൻ + കൾ = എൻകൾ = എങ്കൾ = എങ്ങൾ.
(ബി) ഞാൻ + കൾ = (ഹ്രസ്വം വന്ന്) = ഞൻകൾ = ഞങ്കൾ = ഞങ്ങൾ.

(1) ഇതു രണ്ടിനും അർത്ഥം ഒന്നുതന്നെ; അതാവിതു്: "ഞാനും അവനും" എന്ന പ്രഥമോത്തമങ്ങൾ ചേർന്ന ബഹുവചനം. ഇതിൽ "എങ്ങൾ" എന്നതു് നികൃഷ്ടഭാഷ; "ഞങ്ങൾ" എന്നതു് ഉൽക്കൃഷ്ടഭാഷ — എന്ന് ഉപയോഗത്തിൽ ഭേദം. ഇതിൽ രണ്ടിലും "ൻ" എന്ന ചില്ലു് "അൻ" എന്ന ഏകവചനത്തിന്റെ അവശേഷമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഈ സർവ്വനാമങ്ങളിൽ ണകാരം ഏകവചനവും, മകാരം ബഹുവചനവും ആകുന്നു. അതിനാൽ "നാൻ" എന്ന പ്രാചീനരൂപത്തിൽനിന്ന്,

(സി) നാമ് = നാം എന്നൊരു ബഹുവചനം.

ഇതു് അധികാരത്തെയും മറ്റും കാണിക്കുന്ന പൂജകബഹുവചനമാണ്. ഇതിനെ "നോം" എന്നും ചില ദേശക്കാർ മാറ്റാറുണ്ട്. അംഗരൂപത്തിൽ ഇതു് "ഞങ്ങൾ" എന്നതിലെപ്പോലെ ഹ്രസ്വം വന്ന് "നമ്മ്" എന്നാകും; "നോം" എന്നതു് അപ്പോൾ "നുമ്മ്" എന്നുമാകും. "നമ്മെ", "നുമ്മെ" "നമുക്ക്", "നുമുക്ക്" (ഇതിൽ ഉകാരസ്വരത്തിന്റെ യോഗം) നമ്മിൽ, നുമ്മിൽ ഇത്യാദി. ഇനി "നമ്മ്" എന്നതിൽ "കൾ" കൂടി ചേർത്തു് കകാരത്തിന് പൂർവ്വസവർണ്ണാത്മകമായ ലയവും ചെയ്തിട്ടു്,

(ഡി) നമ് + കൾ = നമ്മൾ ഇരട്ടബഹുവചനം.

ഇതു് "ഞാൻ", "നീ", "അവൻ" എന്ന മൂന്നു പുരുഷരെയും ക്രോഡീകരിക്കുന്നു എന്ന് അർത്ഥത്തിൽ വിശേഷം.

(2) തൻ എന്ന സ്വവാചിക്കും ഇതുപോലെതന്നെ (എ) തങ്ങൾ, (ബി) താങ്കൾ, (സി) തമ്മൾ, (ഡി) താം (തോം) എന്നു രൂപങ്ങൾ. ഇതിൽ "താങ്കൾ" എന്ന് സവർണ്ണനം ചെയ്യാത്ത രൂപം പുതിയതും മധ്യമപുരുഷനെ കുറിക്കുവാനുള്ള പൂജകബഹുവചനവും ആണ്. "താം" (തോം) എന്ന നിർദ്ദേശികാരൂപം ഇപ്പോൾ നടപ്പില്ല; ശേഷമെല്ലാം പര്യായരൂപങ്ങളെന്നേ ഉള്ളൂ; അർത്ഥഭേദമില്ല.

(3) "നീ" എന്ന നിർദ്ദേശികയുടെ ഏകവചനത്തിൽ "ൻ" എന്ന ഏകവചനപ്രത്യയം ഇല്ലെങ്കിലും, ശേഷം വിഭക്തികളിലെല്ലാം "ൻ" ചേർന്ന് "നിന്നെ", "നിന്നാൽ" ഇത്യാദിയായിട്ടുതന്നെ രൂപങ്ങൾ. ബഹുവചനത്തിൽ "നിങ്ങൾ" എന്ന് ഒരു രൂപമേ നടപ്പുള്ളൂ. അതു് ഏകവചനരൂപത്തിൽത്തന്നെ "കൾ" എന്ന പ്രത്യയം ചേർത്തു് ("ഞങ്ങൾ" എന്നതുപോലെ) മുറയ്ക്കുള്ള രൂപമെന്നു സ്പഷ്ടമാകുന്നു. "നിൻ" എന്ന ഏകവചനണകാരത്തിന് ബഹുവചനമായ മകാരം ചെയ്താലും രൂപം ശരിതന്നെ. കർണ്ണാടകത്തിൽ "നീം" എന്ന്

മുറയ്ക്കുള്ള രൂപം കാണുന്നതിനാൽ നിമ് + കൾ = “നിങ്ങൾ” എന്നുതന്നെ പ്രക്രിയ കല്പിക്കുക നന്ന്.

ഈ മൂന്നു സർവ്വനാമങ്ങളും എല്ലാ ദ്രാവിഡങ്ങൾക്കും പൊതുസ്വത്തായിട്ടുള്ളതാണ്. ഇതുകളുടെ ശരിയായ പ്രാചീനരൂപം ഇന്നതെന്ന് ഇനിയും തീരുമാനിക്കപ്പെട്ടിട്ടില്ല. “എൻ” എന്ന രൂപമോ “യാൻ” എന്നുള്ളതോ ചരിത്രപ്രകാരം പ്രാചീനതരം എന്ന് കാൽഡ്വെൽ വളരെ സന്ദേഹിക്കുന്നു. ഇവിടെ കാണിച്ച ആഗമക്രമം മലയാളത്തെ സംബന്ധിച്ചിടത്തോളം ശരി എന്നേ ഉള്ളൂ. അതിന് ഗുണ്ടർട്ടിന്റെ സമ്മതവും മിക്കതുമുണ്ട്. “നീ”, “നാൻ” എന്ന രണ്ടിലെയും നകാരം ആദ്യാതരൂപങ്ങളിൽ കാണാത്തതിനാൽ പ്രകൃതിയുടെ അംശമല്ല, പിന്നീടു ചേർന്നതായിരിക്കണമെന്നാണ് ഒരു ഊഹം. അപ്പോൾ “ആ”, “ഈ” എന്നാണ് മുറയ്ക്ക് ഉത്തമ മധ്യമസർവ്വനാമങ്ങളുടെ പ്രകൃതികൾ എന്നു വരും. അങ്ങനെയാണെങ്കിൽ അതുകൾ ചുട്ടെഴുത്തുകളുടെതന്നെ വേഷഭേദമാണെന്നു സ്പഷ്ടമാകുന്നു. എന്നാൽ “ആ” എന്ന ചുട്ടെഴുത്ത് ദൂരപരാമർശകവും, “ഈ” എന്നത് ആസന്നപരാമർശവും ആണ്. നേരേമറിച്ചായിരുന്നെങ്കിലേ “ഞാൻ”, “നീ” എന്ന സർവ്വനാമങ്ങളുടെ അർത്ഥം യോജിക്കുകയും ഉള്ളൂ. ഇജ്ജനം”, “ഇയ്യാൾ” എന്നെല്ലാം ഉത്തമപുരുഷനെയല്ലേ പറയുന്നത്; “അങ്ങ്”, “അവിടുന്ന്”” എന്ന് അതുപോലെതന്നെ മധ്യമപുരുഷനേയും കുറിക്കാറുണ്ട്. അതുകൊണ്ട് ഈ സംഗതിയിൽ തീർച്ചവന്നിട്ടില്ല.

ഈ പ്രകരണം അവസാനിക്കുംമുമ്പ് മറ്റു സർവ്വനാമങ്ങളെപ്പറ്റിയും രണ്ടുവാക്കു പറഞ്ഞുകൊള്ളുന്നു:

(1) ചുട്ടെഴുത്ത്: “അ”, “ഇ” “ഉ”, “എ” എന്ന മൂലസ്വരങ്ങൾതന്നെയാണ് ചുട്ടെഴുത്തുകൾ. “ചൂണ്ടുന്ന എഴുത്ത്” (അക്ഷരം) എന്ന അർത്ഥം പ്രമാണിച്ച് തമിഴർ ഇതുകൾക്ക് ഈ പേർ കല്പിച്ചു. ഇവയിൽ “അ” ദൂരത്തിരിക്കുന്നതിനെയും, “ഇ” അടുത്തതിനെയും “ഉ” മധ്യേ ഉള്ളതിനെയും കുറിക്കുന്നു. “എ” ചോദ്യംചെയ്യുന്നതാണ്. ഇങ്ങനെ മൂലസ്വരങ്ങളെത്തന്നെ അർത്ഥച്ചേർച്ചനോക്കി സർവ്വനാമങ്ങളാക്കിച്ചമച്ചതിന്റെ സ്വാരസ്യം വാചാമഗോചരമായിരിക്കുന്നു. “ഇത്ര രസികത്വവും സൗകര്യവും ലാഘവവും യോജിപ്പും എല്ലാമുള്ള ഒരു ഏർപ്പാട്ട് വേറെ ഒരു ഭാഷാശാഖയിലും ഇല്ലെന്നുള്ള സംഗതി ദ്രാവിഡശാഖയ്ക്കു ന്യായമായ അഭിമാനത്തിനു കാരണമായ ഒരു വലിയ മെച്ചമാകുന്നു” എന്ന് എല്ലാ ഭാഷാശാസ്ത്രകാരന്മാരും സമ്മതിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ “ഉ” തമിഴിൽ അപൂർവ്വമാണ്. മലയാളത്തിലാകട്ടെ ലുപ്തമായി എന്നുതന്നെ പറയാം. ലോപിച്ചുപോകുവാനുള്ള കാരണവും ദൂരത്തേടാനില്ല. അടുത്തുള്ളതിനെയും അകന്നുള്ളതിനെയുംപോലെ നടുക്കുള്ളതിനെപ്പറ്റി പറയുവാനുള്ള ആവശ്യം വരുകയില്ലല്ലോ. “എ” എന്ന ചോദ്യസർവ്വാമത്തിന് “ഏ” എന്നു ദീർഘിച്ചിട്ടും, യകാരം ചേർന്ന് “യാ” എന്നും രണ്ടുരൂപങ്ങൾകൂടിയുണ്ട്. കാൽഡ്വല്ലിന്റെ അഭിപ്രായം, ആദ്യമായിരുന്നത് “യാ” ആണെന്നും അത് പിന്നീട് “ഏ” എന്നും, “എ” എന്നും ചുരുങ്ങിയതായിരിക്കണമെന്നും ആകുന്നു. രൂപം മാറിയതോടുകൂടി അർത്ഥത്തിലും അല്പാല്പഭേദങ്ങൾ വന്നിട്ടുണ്ട്. സംസ്കൃതത്തിന്റെ അധികാരം മലയാളത്തിൽ ബലപ്പെട്ടപ്പോൾ ആ ഭാഷയിലെ വ്യപേക്ഷക (relative) സർവ്വനാമമായ യച്ഛബ്ദത്തിന് മലയാളത്തിൽ ഒരു പരിഭാഷ പറയുന്നത് ആവശ്യമായിത്തീർന്നു. അതുമുതൽ “എ”

എന്നും "യാ" എന്നും ഉള്ള രൂപങ്ങൾ യച്ഛബ്ദസ്ഥാനം വഹിച്ച് വ്യപേക്ഷക സർവ്വനാമങ്ങളായിത്തീർന്നിട്ടുണ്ട്.

(2) എന്തു്: ഇതു് "എ" എന്ന ചുട്ടെഴുത്തിന്റെ അനുനാസികം ചേർന്ന നപുംസകരൂപമാകുന്നു എ(ൻ) + തു = എന്തു, തമിഴിൽ "എണ്ണതു" എന്നാണ് നാമരൂപം. എങ്കിലും, "എണ്ണ" എന്ന ഭേദകരൂപവും ഉണ്ട്. "എന്ത" ചെയ്ത — ചെയ്ത എന്നതുപോലെ പേരെച്ചപ്രക്രിയാപ്രകാരം "എന്തു" "എന്ത" എന്ന് ഉണ്ടായതാണ്. "എന്ത" പോലെ തമിഴിൽ "അന്ത" "ഉന്ത" "ഇന്ത" എന്ന് എല്ലാ ചുട്ടെഴുത്തുകളിൽ നിന്നും ഭേദകരൂപം കാണുന്നുണ്ട്. ഇതിനു പുറമേ, തമിഴിൽ "ഏൻ" എന്നും തെലുങ്കിൽ "ഏമി" എന്നും "എന്തു" എന്ന അർത്ഥത്തിൽ രൂപങ്ങൾ ഉണ്ട്. ഇതിൽ നിന്നും ചുട്ടെഴുത്തുകളിൽ നകാരമോ മകാരമോ ചേർന്ന ചില രൂപങ്ങൾ ഉത്ഭവിച്ചിട്ടുണ്ടെന്നു തെളിയുന്നു. ഇൗ സ്ഥിതിക്ക് "അൻ" "അമ്" എന്നുള്ള നാമങ്ങളുടെ ലിംഗവചനപ്രത്യയങ്ങളും ഇൗവിധം ഉത്ഭവിച്ചതാണെന്നു കല്പിക്കുവാൻ വഴികിട്ടുന്നു. ലിംഗപ്രകരണത്തിൽ ചെയ്തിട്ടുള്ള വിമർശവും നോക്കുക. ഇൗവിധം കിട്ടുന്ന "അൻ", "അം" എന്ന രണ്ടിനും ലിംഗവചനങ്ങളെ കുറിക്കുവാനുള്ള അർത്ഥച്ചേർച്ച ഒട്ടുംതന്നെ പോരാ. "ഇൻ" എന്ന അംഗപ്രത്യയമാകട്ടെ, അർത്ഥമില്ലാത്തതാകയാൽ ഇൗവിധം ഉത്ഭവിച്ചതെന്നു സ്വീകരിക്കുവാൻ ഒരു വിരോധവും ഇല്ല. "അതുങ്കൽ", "കുവളത്തും വേരു്" ഇത്യാദികളിൽ "ഇൻ" എന്നതിനുപകരം "ഉൻ" ആണെന്നുകൂടി സമ്മതിച്ചേക്കാം. പക്ഷേ ഇകാരഉകാരങ്ങൾക്കു വിനിമയം പതിവുള്ളതിനാൽ ഇതുകൂടാതെയും ആവക രൂപങ്ങൾക്കു ഉപപത്തി പറയാം. "എന്തു" നപുംസകരൂപമായാലും ഭേദകരൂപമായി ഉപയോഗിക്കുമ്പോൾ "എന്തു മനുഷ്യൻ?", "എന്തു കള്ളി?" എന്നു സ്ത്രീപുരുഷന്മാരെയും വിശേഷിപ്പിക്കും.

(3) ഇണ്ണ: ഇതും "ഇ" എന്നതിൽനിന്നും വന്നതാണ്. ഇ + ൻ + അ = ഇണ്ണ; നപുംസകബഹുവചനരൂപം വിശേഷണദശയിൽ അവിവക്ഷിതം.

(4) ആർ: ഇതു് പുംസ്ത്രീസാധാരണമായ അലിംഗബഹുവചനരൂപമാണ്; വേറെ രൂപങ്ങളിൽ പ്രയോഗം ഇല്ലാത്തതിനാൽ ഖിലമാകുന്നു. "ഇന്ന" എന്നതിനു കാണിച്ചതുപോലെ ബഹുവചനം രൂപത്തിൽ മാത്രമേ ഉള്ളൂ; അർത്ഥത്തിൽ ഏകവചനവുമാകാം: ഇവൻ ആർ?, ഇവൾ ആർ?

(5) ചില, പല: ഇതു രണ്ടും നപുംസകബഹുവചനരൂപമാണ്. പുംസ്ത്രീകളിലെ അലിംഗബഹുവചനത്തിൽ "ചിലർ", "പലർ" എന്ന് ശരിയായ രൂപം. അർത്ഥസ്വഭാവംകൊണ്ട് ഇതുകൾക്ക് ഏകവചനത്തിന് അവകാശം ഇല്ല. വിശേഷണദശയിൽ, "ചില ആളുകൾ", "പല ജനങ്ങൾ" എന്ന് നപുംസകരൂപം ഉപയോഗിച്ചുവരുന്നു.

(6) വല്ല: "ചില", "പല" എന്നിവ പോലെതന്നെ.

(7) എല്ലാ: "എല്ലാവും", "എല്ലാം" എന്ന് "ഉം" ചേർന്നാണു വിശേഷ്യദശയിൽ ഇതിനു പ്രയോഗം. വിശേഷണമാകുമ്പോൾ "എല്ലാ ജനങ്ങൾ" എന്നു തന്നെ മതി.

(8) ഒരു: ഇതു് "ഒന്നു്" എന്ന സംഖ്യാനാമത്തിന്റെ പ്രകൃതിയാണെങ്കിലും രൂപഗതിയും പ്രയോഗസമ്പ്രദായവും പ്രമാണിച്ച് സർവ്വനാമങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടിരിക്കുന്നു.

ഒൻരു = ഒൻറു = ഒന്ന്. മലയാളത്തിൽ ഇതിനു ചുട്ടെഴുത്തിന്റെ സ്ഥാനത്തുകൂടി പ്രയോഗം ഉണ്ട്. "ചെന്നൊരു നേരത്തു്" = "ചെന്നനേരത്ത്" ഇൗ വിനിയോഗത്തിൽ ഇതു ബഹുവചനത്തേയും വിശേഷിപ്പിക്കും: "മറ്റൊരു പരിഷകൾ" എന്ന ഭാരതപ്രയോഗം നോക്കുക.

(9) മിക്ക, മറ്റ: ഇതുകളെയും മുൻപറഞ്ഞതുപോലെ സർവ്വനാമങ്ങളുടെ കൂട്ടത്തിൽ ചേർക്കാറുണ്ട്. പേരെച്ചങ്ങളാകയാൽ സർവ്വനാമതുല്യമായ രൂപാവലി ഇതിന് അല്ലെങ്കിലും ഉള്ളതുതന്നെ.

53. ലിംഗസംഖ്യാകൃതം ഭേദ-
മാദ്യത്തിൽ ചുട്ടെഴുത്തിന്
ജനിച്ചിരിക്കണമതിൻ-
വ്യാപ്തിതാൻ ശേഷമുള്ളതിൽ.

ലിംഗഭേദം കാണിക്കുന്ന "അൻ" തുടങ്ങിയ പ്രത്യയങ്ങളും സംഖ്യാഭേദം കാണിക്കുന്ന "അർ" മുതലായ പ്രത്യയങ്ങളും ആദികാലത്തിൽ ചുട്ടെഴുത്തുകളായ "അ" "ഇ" "എ" എന്ന ശബ്ദങ്ങളോടു മാത്രമാണ് ചേർത്തുപ്രയോഗിച്ചിരുന്നതെന്നും പില്ക്കാലങ്ങളിൽ ആ വക പ്രത്യയങ്ങൾതന്നെ മറ്റു ശബ്ദങ്ങളോടും യോജിപ്പുപോലെ പ്രയോഗിച്ചു വന്നു എന്നും ഉൗഹിക്കാവുന്നതാണ്. എന്തുകൊണ്ടെന്നാൽ ചുട്ടെഴുത്തുകളിലാണ് നിയമേനയും മേല്ക്കുമേലായിട്ടും ഇൗ പ്രത്യയങ്ങൾ ചേർന്നിട്ടുള്ള രൂപങ്ങളിൽ അധികവും കാണുന്നത്. "അവ", "അവറ്റ" "അവറ്റകൾ" ഇൗ ശബ്ദങ്ങൾതന്നെ നോക്കുക:

അ + അ = അവ; അ + അ + അർ + അ = അവറ്റ;
അ + അ + അർ + അ + കൾ = അവറ്റകൾ.

ഇതിന്നും പുറമേ, വ്യവഹാരത്തിൽ അധികവും സർവ്വനാമശബ്ദങ്ങൾക്കാണ് ലിംഗസംഖ്യാഭേദം കാണിക്കുവാൻ പ്രസക്തി വരുന്നതെന്നുള്ളതും ആ വക ശബ്ദങ്ങളിലാണ് ആദ്യത്തിൽ ലിംഗവചനപ്രത്യയങ്ങൾ ചേർത്തിരുന്നതെന്നൂഹിപ്പാൻ മതിയായ കാരണമാകുന്നുണ്ട്.

എൈന്ദ്യയൗരോപഭാഷകൾ "ലിംഗത്തിനു വേറെ പ്രത്യയം; വിഭക്തികളിൽ ഒാരോ വചനത്തിനും വേറെ വേറെ പ്രത്യയം" എന്നു പ്രത്യയസംഖ്യ അനാവശ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ദ്രാവിഡഭാഷകളിലാകട്ടെ, നേരെമറിച്ച് അത്യാവശ്യത്തിനു മാത്രമേ പ്രത്യയം ഉപയോഗിക്കയുള്ളു. ലിംഗം, വചനം, വിഭക്തി എന്നു മുറയ്ക്കു് ഒാരോന്നിനും ഒാരോ പ്രത്യയം. പക്ഷേ, മേല്ക്കുമേൽ പ്രത്യയംവന്നു രൂപം നീളുന്നു. എന്നാൽ ഇതിനും പ്രതിവിധി ചെയ്തിട്ടുണ്ട്. "ഏകവചനം സ്വതഃസിദ്ധമാകയാൽ അതിനു പ്രത്യയം വേണ്ടാ" എന്ന് ഒന്നു ചുരുക്കാം; അല്ലെങ്കിൽ ലിംഗവചനങ്ങൾ രണ്ടും കുറിക്കാൻ പ്രത്യയം ഒന്ന്; ഇങ്ങനെയാണ് ദ്രാവിഡ ഭാഷകളുടെ പോക്ക്. ഇൗ യുക്തിപ്രകാരം നാമങ്ങൾക്കു ലിംഗവചനങ്ങൾ അത്യാവശ്യമില്ല. നാമത്തിന്റെ വാച്യമായ വസ്തു സ്ത്രീയോ പുരുഷനോ ജഡവസ്തുവോ ആയിക്കൊള്ളട്ടെ. ആ ഭേദം കാണിക്കുവാൻ നാമപദത്തിൽ രൂപഭേദം എന്തിനു ചെയ്യുന്നു? "തള്ള", "തന്ത" രണ്ടും രൂപത്തിൽ ഒന്നുപോലെ; അർത്ഥം കൊണ്ടു സ്ത്രീപുരുഷഭേദം അറിഞ്ഞുകൊള്ളാം. "സ്ത്രീ" എന്നോ "പുരുഷൻ" എന്നോ നെറ്റിയിൽ

എഴുതിപ്പതിക്കുന്നതെന്തിന്? സർവ്വനാമത്തിന്റെ സ്ഥിതി ഇങ്ങനെയല്ല. പല വസ്തുക്കളെപ്പറ്റി സംസാരിക്കുമ്പോൾ അതിലോരോന്നിനെ പരാമർശിക്കുവാനാണ് സർവ്വനാമങ്ങൾ ഉപയോഗിക്കുന്നത്. അപ്പോൾ എല്ലാം ഒരേ രൂപത്തിൽ പ്രയോഗിച്ചാൽ തിരിച്ചറിയുവാൻ പ്രയാസം. സ്ത്രീപുംനപുംസകഭേദം കുറിക്കുവാൻ രൂപഭേദം ചെയ്താലേ സൗകര്യമുള്ളൂ; ഇതുപോലെതന്നെ വചനത്തിന്റെ സംഗതിയിലും. അതിനാൽ ലിംഗവചനഭേദം സർവ്വനാമങ്ങൾക്കാവശ്യപ്പെടുകയാൽ അതുകൾക്ക് ആദ്യം ഏർപ്പെട്ടു. പിന്നീട് ഈ സർവ്വനാമങ്ങളെ വാക്യത്തിന്റെ ആദിയിൽ കർത്താവായിട്ടു ചേർക്കുന്നതിനു പകരം ആഖ്യാതങ്ങളുടെ ഒടുവിൽ ചേർത്തുതുടങ്ങിയിരിക്കണം. “ഏൻ(= ഞാൻ) വന്തു” എന്നു പറയുന്നതിനു പകരം, “വന്തു ഏൻ” എന്നു മറിച്ചിടാമല്ലോ. “വന്നു” (വന്തു) എന്ന സംഗതി ആദ്യം പറയുക; പിന്നീട് ഇന്നാരെന്നുള്ള വിവേചനം. “വന്തു”, “ഏൻ” കൂടിച്ചേർന്ന് “വന്തേൻ” എന്നായി. സംസാരിക്കുന്ന ഭാഷയിൽ “നാൻ വന്തേൻ”; “നീ വന്തായ്”; “അവൻ വന്താൻ” എന്ന്. കർത്താവായ സർവ്വനാമങ്ങളെ അധികം ഉപയോഗിക്കുവാൻ ഇടയാകുകയില്ല. “എങ്കെ ഇരുന്തു വരുകിറായ്?”, “ഊരിലെ ഇരുന്തു വരുകിറേൻ” എന്ന മട്ടിലാണല്ലോ ചോദ്യോത്തരങ്ങളുടെ ഗതി. അനന്തരം ക്രിയാപദം ദൂരത്തിൽ ഒടുവിൽ വരുന്നതുവരെ കർത്താവിനെ തെളിയിക്കാതിരിപ്പാൻ മടിച്ച് ആദിയിൽത്തന്നെ കർത്താവിനെക്കൂടി എടുത്തു കാണിക്കുക നടപ്പായിത്തീർന്നിരിക്കണം.

ഇങ്ങനെ ആരംഭത്തിൽ നീണ്ട വാക്യങ്ങളിൽ മാത്രം കർത്താവായ സർവ്വനാമത്തെ ആദ്യവും, ഒടുവിൽ ക്രിയാപദത്തിലും ഇരട്ടിച്ച് പ്രയോഗിക്കുക എന്ന സമ്പ്രദായം പരിചിതമായപ്പോൾ അതിലുള്ള പൗനരുക്ത്യദോഷം ആളുകൾ വകവെക്കാതായി എന്നു മാത്രമല്ല, അങ്ങനെയായാലേ കർത്താവും ക്രിയയും തങ്ങളിൽ യോജിക്കൂ എന്നുമായി വിചാരം. ഇതിൽ നിന്നായിരിക്കാം പൊരുത്തം എന്നൊരു ഗ്രഹം ഉത്ഭവിച്ചത്. “പൊരുത്തം” എന്നൊരു പുതിയ ഇനത്തിന് വ്യാകരണത്തിൽ പ്രതിഷ്ഠ ലഭിച്ചതോടുകൂടി “നാൻ (ഏൻ) വന്തേൻ” എന്നു പറഞ്ഞില്ലെങ്കിൽ തെറ്റ് എന്നായി ജനങ്ങളുടെ ഭാവനയും.

ഇതെല്ലാം എന്റെ ഊഹം മാത്രമാണ്; അതുകൊണ്ട് അതിനുള്ള അടിസ്ഥാനങ്ങളെക്കൂടി ഉടനേ വിവരിച്ചേ മതിയാകുകയുള്ളൂ.

ഒന്നാമത് — ദ്രാവിഡങ്ങളിലെ പുരുഷപ്രത്യയങ്ങൾ ആര്യഭാഷകളിലെപ്പോലെ തേഞ്ഞുപോയിട്ടില്ല. സംസ്കൃതത്തിൽ “അസ്മി” എന്നതിലെ “മി” പുരുഷപ്രത്യയവും “അഹം” എന്ന ഉത്തമസർവ്വനാമൈകവചനവും തമ്മിൽ ഒരു ബന്ധവും ഇല്ല. “മ” എന്നൊരു ഉത്തമ സർവ്വനാമപ്രകൃതിയുണ്ടായിരുന്നു എന്നും അതിന്റെ അവശേഷമാണ് “മി” ആയിത്തീർന്നതെന്നും ഭാഷാശാസ്ത്രകാരൻ പറഞ്ഞുകൊടുത്താലേ ഒരുവൻ ഗ്രഹിക്കുകയുള്ളൂ. ദ്രാവിഡങ്ങളിൽ അങ്ങനെയല്ല. കർത്താവിലും ആഖ്യാതത്തിലും കാണുന്ന സർവ്വനാമം ഒന്നുതന്നെ എന്ന് അവൈയാകരണനും സുഗ്രഹമാണ്. അതിനാൽ ആഖ്യാതത്തിനും ആഖ്യയ്ക്കും ഒരേ സർവ്വനാമം ചേർത്ത് പൊരുത്തം ചെയ്യുക എന്ന സമ്പ്രദായം ദ്രാവിഡങ്ങളിൽ ആദികാലംമുതലേ ഉള്ള ഏർപ്പാടായിരിക്കുകയില്ല. അങ്ങനെ ആയിരുന്നെങ്കിൽ ആര്യഭാഷകളിലെപ്പോലെ ആ സർവ്വനാമങ്ങൾ തേഞ്ഞുമാഞ്ഞുപോകാതെ പരിപൂർണ്ണങ്ങളായിത്തന്നെ നിന്നുവന്നത് എങ്ങനെ?

രണ്ടാമത് — ദ്രാവിഡകുടുംബത്തിൽ ഒട്ടും അപ്രധാനമല്ലാത്ത മലയാളത്തിൽ പുരുഷപ്രത്യയം കാണാതിരിക്കുന്നതിന് കാരണം എന്ത്? എ▯ന്ദ്യയൗരോപഭാഷകളിൽ ഗോഥിക്കും സംസ്കൃതവുംപോലെ ദ്രാവിഡഭാഷകളിൽ മലയാളം പഴയകുടുംബസ്വത്തുക്കളെ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടെന്ന് പരക്കെ സമ്മതവുമാണ്. അങ്ങനെയുള്ള ഒരു ഭാഷ സ്വതന്ത്രമായിട്ട് പുരുഷപ്രത്യയത്യാഗംചെയ്തു എന്നു വരുന്നത് സംഭാവ്യമാണോ? ലിംഗപുരുഷവചനങ്ങൾക്ക് പൊരുത്തം എന്നത് വ്യാകരണത്തിൽ ഒരു തുച്ഛസംഗതി അല്ലതാനും; അതിനാൽ ലിംഗപുരുഷവചനങ്ങളിൽ കർത്താവിനും ക്രിയയ്ക്കും പൊരുത്തം വേണമെന്നുള്ള ഏർപ്പാട്ട് വരുംമുൻപുതന്നെ മലയാളം തമിഴിൽനിന്നും പിരിഞ്ഞ് പ്രത്യേകഭാഷയായി പരിണമിച്ചിരിക്കണം എന്നല്ലയോ വിചാരിക്കേണ്ടത്? എന്നാൽ മലയാളത്തിലും ഗ്രന്ഥഭാഷയിൽ പഴയകാലത്ത് പൊരുത്തനിർബ്ബന്ധം ഒരുവിധം കാണുന്നുണ്ടല്ലോ എന്നും ആക്ഷേപിക്കുവാൻ ഇല്ല. കൊല്ലവർഷത്തിന് ഇപ്പുറമേ മലയാളത്തിൽ ഗ്രന്ഥങ്ങളുണ്ടായിട്ടുള്ളു; അതിനുമുൻപ് ഉണ്ടായിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ നമുക്കു കിട്ടിയിട്ടില്ല. ഇതുകൾ തമിഴ്പണ്ഡിതന്മാരുടെ കൃതികളുമാണ്. അതിനാൽ അവർ തമിഴ്‌രീതിയനുസരിച്ച് പൊരുത്തംചെയ്തു എന്നേ വരൂ. കവിതയിൽ പൊരുത്തം പതിവുണ്ടെന്നു പറയുന്നതും ഒരിക്കലും സാർവ്വത്രികമല്ല. വർത്തമാനകാലത്തിന്റെ പ്രഥമപുരുഷനിൽ “വരുന്നാൻ, ചെയ്യുന്നാൻ” എന്നും മറ്റും പ്രയോഗം എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

ഇനി പ്രകൃതത്തിൽ പ്രവേശിക്കാം; സർവ്വനാമരൂപമായ കർത്താവിന് പൊരുത്തം വേണമെങ്കിൽ നാമത്തിനും അതു വേണ്ടതല്ലയോ എന്നാണ് അടുത്ത യുക്തി; നാമത്തിലും ചെയ്യണം എന്നായി. എന്നാൽ, നാമത്തിൽ ലിംഗവചനപ്രത്യയമില്ലല്ലോ. അതിന് എന്തു വേണ്ടൂ? അതിലും കുത്തിച്ചെലുത്തുകതന്നെ. സർവ്വനാമത്തിനുള്ള പ്രത്യയംതന്നെയോ അല്ലെങ്കിൽ (“വനമതിൽ”, “രാമൻതന്നുടെ” ഇത്യാദി വിഭക്തിരൂപങ്ങൾപോലെ) അവൻ, അവൾ, അത് എന്നതുകളുടെ നിഷ്പന്നരൂപങ്ങളോ ചേർക്കുക എന്ന് ഇപ്പോൾ കണ്ടുവരുന്ന ഏർപ്പാട്ട് ഉത്ഭവിക്കുകയും ചെയ്തു. “കള്ളൻ”, “കുള്ളൻ” ഇത്യാദികളിൽ പൂർണ്ണസർവ്വനാമരൂപവും കാൺക. എന്നാൽ “അൻ” എന്ന പുല്ലിംഗപ്രത്യയംപോലെ “അൾ”, “തു” എന്ന മറ്റു രണ്ടെണ്ണവും പ്രചാരത്തിൽ വന്നില്ല. അതിന്റെ സ്ഥാനത്ത് “ഇ”, “ത്തി” എന്നും “അം” എന്നും വേറെ പ്രത്യയങ്ങളാണ് ഉണ്ടായത്. ഇതു രണ്ടും സംസ്കൃതത്തെ അനുകരിച്ചുണ്ടാക്കിയതാണോ എന്ന സംശയത്തിനും വകയുണ്ട്. നാമങ്ങൾക്ക് ലിംഗഭേദം പ്രാധാന്യേന സംസ്കൃതത്തിൽ അകാരാന്തങ്ങൾക്കാണ്; ഭാഷയിലും അതുപോലെതന്നെ കാണുന്നതുകൊണ്ട് ലിംഗത്തിന്റെ വിഷയത്തിൽ സംസ്കൃതസംസർഗ്ഗം ഭാഷയെ ബാധിച്ചിരിക്കാവുന്നതും ആകുന്നു. കടൻ, പലൻ ഇത്യാദി നപുംസകങ്ങളിലും ചിലയിടത്ത് “അൻ” കാണുന്നതിനാൽ ആദ്യത്തിൽ പുല്ലിംഗപ്രത്യയംതന്നെ നപുംസകത്തിലും ഉപയോഗിച്ചുവന്നു; പിന്നീടാണ് ഭേദപ്രതീതിക്കുവേണ്ടി ഒന്നിനെ “അം” എന്നു മാറ്റിയതെന്നും സംഭവിക്കാം. ലിംഗപ്രകരണത്തിൽ ചെയ്തിട്ടുള്ള വിമർശം നോക്കുക. കർണ്ണാടകത്തിൽ പുല്ലിംഗത്തിലെ “അൻ” തന്നെ “അം” ആയിട്ടുണ്ടെന്നുള്ളതും ഒ▯ാർക്കേണ്ടതാണ്. പേരെച്ചത്തിന്റെ പ്രത്യയം “അ” എന്ന ചുട്ടെഴുത്താകയാൽ “ചെയ്യുന്നവൻ”, “ചെയ്യുന്നവൾ”, “ചെയ്യുന്നതു്” എന്ന് ആവക രൂപങ്ങളിലെല്ലാം സർവ്വനാമത്തിനുള്ള ലിംഗപ്രത്യയംതന്നെ സർവ്വത്ര കാണും.

ലിംഗപ്രത്യയങ്ങൾക്ക് ചെയ്തതുപോലെ വചനപ്രത്യയങ്ങൾക്കും ഉത്ഭവം എന്തെന്നും വിചാരണചെയ്യേണ്ടതാണല്ലോ. “അർ”, “മാർ” എന്ന് രണ്ട് പുംസ്ത്രീകൾക്കും “അ”, “കൾ” എന്ന് രണ്ടു നപുംസകത്തിനും; ഇങ്ങനെ വചനപ്രത്യയം നാലെണ്ണമുണ്ട്; ഇതുകളുടെ ഉൽപ്പത്തി ഇന്നവിധം എന്ന് ഇതേവരെ പരിച്ഛേദിച്ച് പറയുവാൻ സാധിച്ചിട്ടില്ല. ഇതു നാലും തമിഴ്, മലയാളം, കർണ്ണാടകം, തെലുങ്ക് എന്ന പ്രധാനഭാഷകളിൽ മാത്രമല്ല. തുളു, ഗോണ്ഡു മുതലായ ക്ഷുദ്രദ്രാവിഡങ്ങളിലും പലവിധം ആകൃതിഭേദത്തോടെ കാണുന്നുണ്ട്. ഇവയിൽ “മാർ” എന്നത് “അർ” എന്നതിന്റെതന്നെ ഒരു വേഷം മാറ്റമായിരിക്കണം. “മാർ” എന്നതു നാമങ്ങൾക്കുമാത്രം വരുന്ന പുംസ്ത്രീബഹുവചനമാണല്ലൊ. നാമത്തിലും ലിംഗപ്രത്യയംതന്നെ ചേർക്കണമെന്ന് ആവശ്യം വന്നപ്പോൾ “അവർ” എന്ന പൂർണ്ണസർവ്വനാമരൂപംതന്നെ ആദ്യം ഉപയോഗിച്ചുവന്നു. ഇന്നും ചില ദിക്കുകളിൽ “അവർ” എന്ന് പൂജകബഹുവചനമായി നാമങ്ങളിൽ പ്രയോഗിച്ചുകാണുന്നുണ്ട്. “തേവിയവർ” “നാണിയവർ” ഇത്യാദി. കാലക്രമത്തിൽ തെലുങ്കിലെ “അവരു” എന്നത് “വാരു” എന്ന് ആയതുപോലെ ആദ്യത്തെ അകാരം കളഞ്ഞ് അതിനു പ്രതിവിധിയായിട്ട് രണ്ടാമത്തെ അകാരം നീട്ടി “അവർ” എന്നതിനെ “വാർ” എന്നാക്കി. ഇതിനുശേഷം വകാരമകാരങ്ങൾക്കു വിനിമയം ധാരാളമാകയാൽ “വാർ” എന്നത് “മാർ” എന്നായിച്ചമഞ്ഞു. കാൽഡ്വെൽ ഒരു പടികൂടിക്കടന്ന് തമിഴിൽ “നീർ” എന്നും മറ്റുമുള്ളിടത്തു കാണുന്ന “ഇൗർ” ഇതുപോലെ “ഇവർ” എന്നതിൽനിന്നും ഉത്ഭവിച്ചതായിരിക്കാമെന്നുകൂടി ശങ്കിക്കുന്നു. ഇൗ ഉൽപ്പത്തിയനുസരിച്ച് “മാർ” ആദ്യത്തിൽ ആദരവോടു പറയുന്നിടത്തു ചേർക്കുന്ന ബഹുവചന (പ്രത്യയം)മായിരുന്നു. ഇപ്പോഴും പ്രായേണ അങ്ങനെതന്നെ ആണെങ്കിലും വ്യാകരണപ്രകാരം ലിംഗപ്രത്യയമുള്ള നാമങ്ങളിലൊക്കെയും ബഹുവചനത്തിന് “മാർ” വേണം എന്നായി നിയമം. അതിനാൽത്തന്നെയാണ് “സലിംഗബഹുവചനം” എന്നു പേർ ചെയ്തതും. “വിഡ്ഢിയാന്മാർ”, “കള്ളന്മാർ, “മണ്ടന്മാർ” ഇത്യാദികൾ നോക്കുക. “അൻ” എന്നോ, “ആൻ” എന്നോ ഉള്ള ലിംഗപ്രത്യയത്തിനുമേലാണ് ഇതു വരുന്നത്; അപ്പോൾ ഇൗ രൂപങ്ങളിൽ “ആൻ” “അൻ” രണ്ടും ലിംഗപ്രത്യയം മാത്രമായിത്തീരുന്നു.

“കൾ” അപൂർവ്വമായിട്ട് പുംസ്ത്രീലിംഗങ്ങളിലും കാണും. “അ” ചുട്ടെഴുത്തുകളിലും അവ ചേർന്നിട്ടുള്ള പേരെച്ചനാമങ്ങളിലും മാത്രമേ ഉള്ളൂ. ഇതിനു പുറമെ “ചില”, “പല” ഇത്യാദികളിൽ കാണുന്ന അകാരവും ഇൗ നപുംസകബഹുവചനം തന്നെയാണ്. പക്ഷേ, ആ ആഗമം മറന്നിട്ട് ഇപ്പോൾ “ചില പണ്ഡിതന്മാർ” “പലയാളുകൾ” എന്നും മറ്റും പുംസ്ത്രീലിംഗങ്ങളായിട്ടും ധാരാളം ഉപയോഗമായി. “അവ”, “ഇവ”, “എവ” എന്ന ശരിയായ രൂപം മലയാളത്തിൽ മാത്രമേ നിലനിന്നിട്ടുള്ളൂ. തമിഴിൽ “അവൈ” “ഇവൈ” എന്ന് ദുഷിച്ചുപോയിരിക്കുന്നു. “ചെയ്തന”, “നടന്തന” എന്ന ആഖ്യാതരൂപങ്ങളിൽ മാത്രം തമിഴിൽ ശരിയായ രൂപം കാണുന്നുണ്ട്. എന്നാൽ സംസാരിക്കുന്ന തമിഴിൽ നപുംസകാഖ്യാതത്തിനു ലിംഗവചനപ്പൊരുത്തം ലോപിച്ചു പോയിരിക്കുന്നു. ഇതിനുകാരണം നപുംസകത്തിൽ വ്യക്തിപ്രാധാന്യം ഗണിക്കായ്കയാണെന്ന് മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ട്. “സംഖ്യാവിശേഷണം ചേർന്നാൽ ക്ലീബേ വേണ്ട ബഹുക്കുറി” എന്ന സൂത്രത്തിന്റെ വ്യാഖ്യാനം നോക്കുക.

## 54. അംഗത്തിൽനിന്നും വചനം

“കുഞ്ഞുങ്ങൾ” മുതലായതിൽ.

വെറും നാമത്തിൽനിന്നല്ലാതെ അംഗപ്രത്യയം ചേർത്തതിനുമേലും വചനപ്രത്യയം ചിലയിടത്ത് അപൂർവ്വമായിട്ടു കാണും. ഉദാഹരണത്തിന് “കുഞ്ഞുങ്ങൾ” മുതലായ ശബ്ദങ്ങൾ.

കുഞ്ഞ് + ഉൻ + കൾ = കുഞ്ഞുങ്ങൾ
പെൺ + ഉൻ + കൾ = പെണ്ണുങ്ങൾ
ആൺ + ഉൻ + കൾ = ആണുങ്ങൾ

“ഇൻ” എന്നതുപോലെ അംഗപ്രത്യയം “ഉൻ” എന്നും ആകാവുന്നതാണ്.